Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**സർക്കുലർ: 13/2020** 25 സെപ്റ്റംബർ 2020

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരി സഹോദരന്മാരേ,

കോവിഡ് മഹാമാരിയുടെ ഈ നാളുകളിൽ ദൈവത്തിൽ ആശ്രയിച്ചും പരസ്പരം ശക്തിപ്പെടുത്തിയും പ്രത്യാശയോടെ മുന്നോട്ടു പോകാൻ നാമൊരുമിച്ച് പരിശ്രമിക്കുകയാണല്ലോ. കോവിഡിന്റെ അലയടികൾ എത്രനാൾ തുടരും എന്ന കാര്യം ആർക്കും വ്യക്തമായി അറിയില്ല. പലവിധത്തിൽ ക്ലേശമനുഭവിക്കുന്ന നിങ്ങളോരോരുത്തരേയും ദിവസേനയുള്ള ദിവ്യബലിയിലും പ്രാർത്ഥനയിലും ഞാൻ അനുസ്മരിക്കുന്നുണ്ട്. രോഗബാധിതരായവരുടെ സൗഖ്യത്തിനായും രോഗീശുശ്രൂഷയിലേർപ്പെട്ടിരിക്കുന്നവരുടെ സംരക്ഷണത്തിനായും രോഗപ്രതിവിധിക്കായുള്ള പരിശ്രമങ്ങൾ സഫലമാകുന്നതിനായും തുടർന്നും നമുക്ക് തീക്ഷണതയോടെ പ്രാർത്ഥിക്കാം. കോവിഡ് പശ്ചാത്തലത്തിൽ വരും നാളുകളിൽ നാം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളും അതിരൂപതയുമായി ബന്ധപ്പെട്ട ചില വസ്തുതകളും നിങ്ങളെ അറിയിക്കുവാനാണ് ഈ സർക്കുലർ എഴുതുന്നത്.

**ജപമാല പ്രാർത്ഥന**

ജപമാല ഭക്തിയിലൂടെ പരിശുദ്ധ ദൈവമാതാവിനോടുള്ള സ്നേഹ ബഹുമാനാദരവുകൾ പ്രകടമാക്കുന്ന ഒക്ടോബർ മാസത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. ലോകം മുഴുവനേയും മാതാവിന്റെ സംരക്ഷണത്തിനായി സമർപ്പിച്ചുകൊണ്ട് ഈ വർഷത്തെ കൊന്തനമസ്ക്കാരം നമുക്ക് നടത്താം. ലോക്ഡൗൺ നിയന്ത്രണങ്ങൾ മൂലം അല്പമെങ്കിലും നിർജീവമായ നമ്മുടെ ദേവാലയാന്തരീക്ഷം വീണ്ടും സജീവമാക്കാനുള്ള അവസരമായി ഈ ജപമാലമാസത്തെ നമുക്ക് ഉപകാരപ്പെടുത്താം. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചു കൊണ്ടുതന്നെ അനുവദിക്കപ്പെട്ടിടത്തോളം എണ്ണം ആളുകളെ ഉൾപ്പെടുത്തി ദേവാലയങ്ങളിൽ ജപമാലമാസം ആചരിക്കാൻ പ്രത്യേകം ശ്രമിക്കുമല്ലോ. മറ്റുള്ളവർക്ക് ഓൺലൈൻവഴി ജപമാലയിൽ പങ്കെടുക്കുവാൻ സൗകര്യമൊരുക്കുന്നത് നന്നായിരിക്കും. കുടുംബാംഗങ്ങൾ എല്ലാവരുമൊരുമിച്ച് ഭക്തിപൂർവ്വം ജപമാല ചൊല്ലുന്നതിന്റെ ആത്മീയാനുഭവം നമ്മുടെ എല്ലാ കുടുംബങ്ങളിലും ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

കൊറോണ രോഗം സാമൂഹ്യമായി നമ്മെ കുറെയൊക്കെ ഉൾവലിയാൻ നിർബന്ധിച്ചു എന്നത് വാസ്തവമാണ്. എന്നിരുന്നാലും ലോകം മുഴുവനും ഒരൊറ്റ കുടുംബമായി കാണാൻ ഈ മഹാമാരി നമ്മെ സഹായിച്ചു. ഞാൻ എന്ന അഹന്തയിൽ നിന്നു നമ്മൾ എന്ന ഒരുമയിലേയ്ക്കു വളരാൻ നമുക്ക് സാധിച്ചു. ദൈനംദിന ജീവിതത്തിൽ നാമാകുന്ന ഒറ്റപ്പെട്ട ദ്വീപിൽ നിന്നു വിശാല ലോകമായ സഹജീവികളിലേയ്ക്കു ഇറങ്ങിച്ചെല്ലാൻ ഒരുമയുടെ ഈ കാഴ്ചപ്പാട് നമ്മെ സഹായിക്കുന്നുണ്ട്. ഇതിന്റെ ഉത്തമ മാതൃകയാണ് തന്റെ ചാർച്ചക്കാരിയായ എലിസബത്തിനെ സന്ദർശിക്കുന്ന മറിയം. ഇളയമ്മയ്ക്കു തന്റെ സഹായം ആവശ്യമുണ്ടെന്നു മനസ്സിലാക്കി ആ വീട്ടിലേയ്ക്കു കയറി ചെല്ലുകയാണ് മാതാവ്. മാതാവിന്റെ ഏതെങ്കിലും തരത്തിലുള്ള സഹായം ആരും ആവശ്യപ്പെടുന്നതായി സുവിശേഷത്തിൽ നാം വായിക്കുന്നില്ല. എന്നാൽ, ഒരു കുടുംബത്തിന്റെ ആവശ്യം മനസ്സിലാക്കി മാതാവു അങ്ങോട്ടു കടന്നു ചെല്ലുകയാണ്. ഭക്തിപൂർവ്വം ജപമാല ചൊല്ലി മാതാവിനെ ബഹുമാനിക്കുന്നതോടൊപ്പം പരിശുദ്ധ അമ്മ നമുക്കു കാണിച്ചു തരുന്ന ഈ മാതൃകയും കൊറോണാ കാലത്ത് നമുക്ക് പാഠമാകട്ടെ.

MAJOR ARCHEPARCHIAL CURIA

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**തിരുനാൾ ആഘോഷങ്ങൾ**

കൊറോണയെന്ന മഹാമാരിയുടെ ആഘാതത്തിൽ നിന്നും നമ്മുടെ സമൂഹം വിമുക്തമാകാൻ ഇനിയും മാസങ്ങൾതന്നെ വേണ്ടിവരുമെന്നതിനാൽ, സാമ്പത്തിക മേഖലയിൽ വന്നിരിക്കുന്ന തകർച്ച കണക്കിലെടുത്ത്, അടുത്ത ഉയിർപ്പുതിരുനാൾവരെയുള്ള നമ്മുടെ തിരുനാളാഘോഷങ്ങളെല്ലാം കഴിയുന്നത്ര ലളിതമാക്കുക. ഇടവക പ്രതിനിധികളുമായി ആലോചിച്ച് വികാരിയച്ചന്മാർ തിരുനാളാഘോഷങ്ങൾ ലളിതമാക്കാനുള്ള തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ്. സഹായകമാകുന്ന ചില നിർദ്ദേശങ്ങൾ നൽകുന്നു.

1. തിരുനാളിനോടനുബന്ധിച്ചുള്ള വിശുദ്ധ കുർബാന, നൊവേന തുടങ്ങിയ തിരുക്കർമ്മങ്ങൾ ഇടവകജനത്തിന്റെ ആത്മീയ ഉണർവിന് സഹായകമാകുംവിധം ലളിതമായി ക്രമീകരിക്കുക.

2. പ്രദക്ഷിണം, അമ്പെഴുന്നള്ളിപ്പ് തുടങ്ങിയവ പള്ളി കോമ്പൗണ്ടിനുള്ളിൽ മാത്രം നടത്തുക. വാദ്യമേളങ്ങൾ കഴിയുന്നിടത്തോളം ഒഴിവാക്കുക. വൈദ്യുതദീപാലങ്കാരം ഏറ്റവും ലളിതമാക്കാൻ ശ്രദ്ധിക്കുക.

3 ഊട്ട് നേർച്ച, കലാപരിപാടികൾ, കരിമരുന്നുപ്രയോഗം, ഫ്ളക്സ് ബോർഡുകളും പത്രങ്ങളിലെ സപ്ലിമെന്റും ടി.വി. പരസ്യങ്ങളും വഴിയായുള്ള പബ്ലിസിറ്റി എന്നിവ പൂർണ്ണമായും ഈ വർഷം ഒഴിവാക്കുക.

4. തിരുനാൾ ബജറ്റ് തയ്യാറാക്കുമ്പോൾ മുൻവർഷം ചെലവാക്കിയ ആകെതുകയുടെ ഇരുപത്തിയഞ്ച് ശതമാനത്തിൽ താഴെ മാത്രമെ ഈ വർഷം ചെലവഴിക്കാവൂ എന്ന തീരുമാനമെടുക്കുവാൻ ശ്രദ്ധിക്കുക. കൂടുതൽ പണം ചെലവഴിക്കാൻ പ്രസുദേന്തിമാർ തയ്യാറാണെങ്കിൽ ആ തുകകൊണ്ട് ജീവകാരുണ്യപ്രവൃത്തികൾ നടത്താൻ അവരെ പ്രചോദിപ്പിക്കുക.

5. ഇടവകജനം ഏറ്റെടുത്തു നടത്തുന്ന ജീവകാരുണ്യപ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമായ തീരുമാനത്തിലെത്തുകയും തിരുനാൾ ദിനങ്ങളിൽതന്നെ അവ എല്ലാവരുടെയും സഹകരണത്തോടെ നടപ്പിലാക്കുകയും ചെയ്യുക.

6. കപ്പേളകളിലെ തിരുനാളുകൾ ഉയിർപ്പുതിരുനാൾ വരെ വേണ്ടെന്നുവയ്ക്കുക.

**ഭൂമി ഇടപാട്**

അതിരൂപതയുടെ മെത്രാപ്പോലിത്തൻ വികാരിയായി ഞാൻ നിയമിതനായിട്ട് ഒരു വർഷം കഴിഞ്ഞു. സീറോമലബാർ മെത്രാന്മാരുടെ 2019 ഓഗസ്റ്റ് മാസത്തിലെ സിനഡ് എന്നെ ഏല്പിച്ച ഉത്തരവാദിത്തങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണല്ലോ "ഭൂമി ഇടപാടിലൂടെ അതിരൂപതയ്ക്ക് നഷ്ടം വന്നിട്ടുണ്ടെങ്കിൽ അത് ശാസ്ത്രീയമായ പഠനത്തിലൂടെ കണ്ടെത്തി വീണ്ടെടുക്കുക" എന്നത്. ഇതുമായി ബന്ധപ്പെട്ട് നമ്മുടെ വൈദികരെ വ്യക്തിപരമായും ഫൊറോനാതലത്തിൽ ഗ്രൂപ്പായും കണ്ടു സംസാരിച്ചു. അതിരൂപതാ പ്രൊക്കുറേറ്റർ ബഹു. സെബാസ്റ്റ്യൻ മാണിക്കത്താനച്ചൻ തയ്യാറാക്കിയ കണക്കുകൾ വിവിധ കാനോനികസമിതികളിൽ ഡിസംബർ-ജനുവരി മാസങ്ങളിൽ അവതരിപ്പിച്ചു. തുടർന്ന്, പെർമനന്റ് സിനഡംഗങ്ങളുമായി ഈ വിഷയം ചർച്ച ചെയ്തു. പെർമനന്റ് സിനഡിന്റെ നിർദ്ദേശങ്ങൾ കാനോനിക സമിതികളിൽ ചർച്ച ചെയ്ത് തുടങ്ങിയപ്പോൾ കോവിഡ് മഹാമാരി ആരംഭിച്ചു. അതുകൊണ്ട് ചർച്ചകൾ പൂർത്തിയാക്കാൻ സാധിച്ചില്ല. കോവിഡ് നിയന്ത്രണങ്ങൾക്ക് സർക്കാർ ഇളവ് ഏർപ്പെടുത്തുമ്പോൾ വിവിധ കാനോനിക സമിതികളിൽ വിഷയം വീണ്ടും ചർച്ചചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**ലോക്ഡൗൺ ഇളവുകൾ നാലാം ഘട്ടം**

ലോക്ഡൗൺ നാലാംഘട്ട ഇളവുകളുടെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചിരിക്കുന്ന മാർഗരേഖകളുടെ വെളിച്ചത്തിൽ ചില നിർദ്ദേശങ്ങൾ താഴെചേർക്കുന്നു.

1. ദേവാലയത്തിലെ എല്ലാ തിരുക്കർമ്മങ്ങളിലും മറ്റു ചടങ്ങുകളിലും സ്ഥലസൗകര്യം അനുവദിക്കുമെങ്കിൽ ഇനിമുതൽ പരമാവധി 100 പേർക്ക് പങ്കെടുക്കാവുന്നതാണ്. കോവിഡ് പ്രോട്ടോക്കോൾ തുടർന്നും കർശനമായി പാലിക്കേണ്ടതാണ്.

2. പാരിഷ് ഹാളുകളും ഓഡിറ്റോറിയങ്ങളും സർക്കാർ നൽകിയിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് ഉപയോഗത്തിന് നൽകാവുന്നതാണ്.

3. കോവിഡ് നിയന്ത്രണങ്ങൾമൂലം ഇടവകകളിൽ വിവിധ തിരഞ്ഞെടുപ്പുകൾ നടത്താൻ സാധിച്ചിട്ടില്ല. വീടുകളിൽ കുടുംബയൂണിറ്റ് യോഗം ചേർന്ന് തിരഞ്ഞെടുപ്പ് നടത്താനുള്ള സാഹചര്യം ഇനിയും സംജാതമായിട്ടില്ല എന്നാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്. ആയതിനാൽ, നിലവിലുള്ള കുടുംബ യൂണിറ്റ് ഭാരവാഹികളുടെയും ഇടവക പ്രതിനിധി യോഗത്തിന്റെയും കാലാവധി 2021 ഏപ്രിൽ 30 വരെ ദീർഘിപ്പിച്ചിരിക്കുന്നു. എന്നാൽ, കൈക്കാരന്മാരുടെ കാലാവധി അവസാനിച്ചിട്ടുള്ള ഇടവകകളിൽ 2020 ഒക്ടോബർ മാസത്തിൽ പാരീഷ് കൗൺസിൽ യോഗം ചേർന്ന് ക്രമപ്രകാരം കൈക്കാരന്മാരെ തിരഞ്ഞെടുത്ത് അവരുടെ നിയമനകല്പന അതിരൂപതാ കച്ചേരിയിൽനിന്നു വാങ്ങേണ്ടതാണ്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെ കാലാവധി നിലവിലുള്ള പ്രതിനിധിയോഗത്തിന്റെ കാലാവധി അവസാനിക്കുന്നതു വരെയായിരിക്കും.

4. സകലമരിച്ചവരുടേയും ഓർമ്മദിനമായ നവംബർ 2-ാം തീയതിയിലെ തിരുക്കർമ്മങ്ങൾ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് എല്ലാ പള്ളികളിലും സമുചിതമായി നടത്തേണ്ടതാണ്.

നിങ്ങളെയെല്ലാവരേയും പരിശുദ്ധ ജപമാലരാജ്ഞിയുടെ സംരക്ഷണത്തിന് ഭരമേല്പിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

+ A. Kariyil

**ആർച്ച്ബിഷപ് ആന്റണി കരിയിൽ**
മെത്രാപ്പോലിത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

......................................

N.B.: ഈ സർക്കുലർ 2020 സെപ്റ്റംബർ 27-ന് പള്ളികളിൽ വായിക്കുന്നതോടൊപ്പം, ഇടവകയുമായി ബന്ധപ്പെട്ട സാമൂഹികസമ്പർക്ക മാധ്യമങ്ങൾ/ ഇതര മാർഗ്ഗങ്ങൾ വഴി ഇടവകാംഗങ്ങളെ അറിയിക്കേണ്ടതാണ്.